LIBRARY ARCHIVES Kerala Legislative Assembly

പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ ജീവനക്കാർക്ക് ബൈട്രാൻസ്ഫർ മുഖേന ഡ്രൈവർ തസ്തികയിലേയ്ക്ക് നിയമനം

92 [2581] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ പ്യൂൺ, പി.ടി.എസ്. എന്നീ വിഭാഗത്തിലെ ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ മുഖേന വകുപ്പുകളിൽ തന്നെയുള്ള ഡ്രൈവർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള ലിസ്റ്റ് പാലക്കാട് ജില്ലയിൽ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ലിസ്റ്റിൽ നിന്ന് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം ജീവനക്കാർക്ക് നിയമനം നൽകാവുന്ന ഒഴിവുകൾ പാലക്കാട് ജില്ലയിൽ നിലവിൽ എത്രയെണ്ണമുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽനിന്ന് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 14 പേരുടെ ലിസ്റ്റ് നിലവിലുണ്ട്.

(ബി) ഉണ്ട്. 4 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഇപ്രകാരം നിയമനത്തിനായി 2 ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവറുടേയും, 16 ഹെവി വെഹിക്കിൾ ഡ്രൈവറുടേയും ഒഴിവുകൾ പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നിയമനം നടത്താൻ വ്യവസ്ഥ ചെയ്യുന്ന സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയ സാഹചര്യത്തിൽ നിയമനം നൽകാമോ എന്നു പരിശോധിക്കുന്നതാണ്.

പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിരോധനം

93 [2582] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഇപ്പോൾ നിരോധനം നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ നിരോധനം എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത് എന്നു വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും വകുപ്പുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ ധനകാര്യ നിയമ വകുപ്പുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ തസ്തിക തിരിച്ചുള്ള വിശദവിവരം നൽകുമോ;

(എഫ്) അഡ്വക്കേറ്റ് ജനറൽ ആഫീസിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18-4-1998 മുതൽ

(സി) ഉണ്ട്.

(ഡി) പൊതുഭരണ വകുപ്പിലും നിയമ വകുപ്പിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ സൃഷ്ടിച്ചിട്ടില്ല.

(ഇ) പൊതുഭരണ വകുപ്പിൽ ജോയിന്റ് സെക്രട്ടറി, സെക്ഷൻ ആഫീസർ, അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, പ്യൂൺ എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തിക വീതം സൃഷ്ടിച്ചിട്ടുണ്ട്. നിയമവകുപ്പിൽ ഒരു ജോയിന്റ് സെക്രട്ടറിയുടെ തസ്തിക താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

(എഫ്) അഡ്വക്കേറ്റ് ജനറൽ ആഫീസിൽ താഴെ പറയുന്ന വിധം 55 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്:

| | | |
|---|---|---|
| ജോയിന്റ് സെക്രട്ടറി | .. | 1 |
| ഡെപ്യൂട്ടി സെക്രട്ടറി | .. | 2 |
| അണ്ടർ സെക്രട്ടറി | .. | 2 |
| സെക്ഷൻ ആഫീസർ | .. | 4 |
| അസിസ്റ്റന്റ് | .. | 16 |
| ഓഫീസ് സൂപ്രണ്ട് | .. | 1 |
| ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ ഓപ്പറേറ്റർ | .. | 6 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | .. | 6 |
| ക്ലറിക്കൽ അസിസ്റ്റന്റ് | .. | 2 |
| ലൈബ്രറി അസിസ്റ്റന്റ് | .. | 1 |
| പ്യൂൺ | .. | 12 |
| ടെലിഫോൺ ഓപ്പറേറ്റർ | .. | 2 |

## കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റുമാരുടെ ഒഴിവുകൾ

94 [2583] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റുമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്താൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly